(ബി) ആകെ 1173 ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശേഷിക്കുന്നവ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ തുടർന്ന് വരുന്നു. പബ്ലിക് സർവ്വീസ് കമ്മീഷൻ ഉദ്യോഗാർത്ഥികളെ ശിപാർശ ചെയ്യുന്ന മുറയ്ക്ക് ഈ ഒഴിവുകൾ നികത്തുന്നതായിരിക്കും.

സി-ആപ്റ്റ് എം.ഡി.-യുടെ പേരിൽ വിജിലൻസ് കേസ്

257 (3891) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പൊതു മേഖല സ്ഥാപനമായ സി-ആപ്റ്റ് എം.ഡി.-യുടെ പേരിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ;

(ബി) ഇതു സംബന്ധിച്ച് പ്രാഥമിക റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(സി) വിജിലൻസ് അന്വേഷണം എപ്പോൾ പൂർത്തിയാകും ;

(ഡി) പ്രാഥമിക പരിശോധനയിൽ പ്രസ്തുത സ്ഥാപനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) സി-ആപ്റ്റ് മാനേജിംഗ് ഡയറക്ടറുടെ പേരിൽ വിജിലൻസ് കേസുകൾ ഒന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

(ബി&സി) ലോട്ടറി ടിക്കറ്റുകളുടെ അച്ചടി ജോലിക്ക് സി-ആപ്റ്റ് പുറം കരാർ നൽകിയതിനെ തുടർന്ന് സ്ഥാപനത്തിന് കോടികളുടെ നഷ്ടം സംഭവിച്ചതിനെ സംബന്ധിച്ച് സി-ആപ്റ്റ് മാനേജിംഗ് ഡയറക്ടറുടെ പേരിൽ വി.ഇ.03/2014/എസ്.ഐ.യു.II എന്ന നമ്പരിൽ ഒരു വിജിലൻസ് അന്വേഷണം നടന്നുവരുന്നു.

(ഡി) അന്വേഷണം പുരോഗമിക്കുന്നു. നഷ്ടം കണക്കാക്കപ്പെട്ടിട്ടില്ല.

പി. രാജേന്ദ്രന് എതിരായി വിജിലൻസ് സാമ്പത്തിക അഴിമതി കേസ്

258 (3892) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ തിരുവനന്തപുരം ബ്രാഞ്ച് ഓഫീസ് മാനേജർ പി. രാജേന്ദ്രന് എതിരായി വിജിലൻസ് സാമ്പത്തിക അഴിമതി കേസ് എടുക്കുകയുണ്ടായോ ;

LIBRARY ARCHIVES Kerala Legislative Assembly